# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:5794

02.07.2019-ലെ മറുപടി

### കുടിവെള്ള വിതരണ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | ആലപ്പുഴയിലെയും യു.ഐ.ഡി.എസ്.എസ്. എം.ടി. കുടിവെള്ള വിതരണ പദ്ധതി നഗരസഭയ്ക്ക് കൈമാറുന്നതിന് ആലോചിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വ്യവസ്ഥകൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ; | (എ) | പ്രസ്തുത പദ്ധതി നഗരസഭയ്ക്ക് കൈമാറുന്നതിന് ആലോചിക്കുന്നില്ല. |
| (ബി) | പ്രസ്തുത പദ്ധതിയിലെ പൈപ്പുകൾ അസാധാരണമായി നിരന്തരം പൊട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | ഉണ്ട്; 19.3 കി.മീ. റോ വാട്ടർ പമ്പിംഗ് മെയിൻ ഇട്ടതിൽ 1.5 കി. മീറ്റർ ഭാഗത്ത് പൊട്ടലുകൾ ഉണ്ട്. ഗ്യാരണ്ടി പിരീഡിൽ ആയതിനാൽ കരാറുകാരന്റെ ചെലവിൽ ലീക്ക് റെക്റ്റിഫിക്കേഷൻ നടത്തുകയും പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |
| (സി) | മുക്കം, കൊടുവള്ളി പ്രദേശങ്ങളിലെ കുടിവെള്ള വിതരണം പ്രസ്തുത നഗരസഭകൾക്ക് കൈമാറാൻ നടപടികളായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വ്യവസ്ഥകൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ; | (സി) | മുക്കം, കൊടുവള്ളി പ്രദേശങ്ങളിലെ കുടിവെള്ള വിതരണം പ്രസ്തുത നഗരസഭകൾക്ക് കൈമാറാൻ ഇതുവരെ നടപടികളായിട്ടില്ല. |
| (ഡി) | കേരള വാട്ടർ അതോറിറ്റിക്ക് നഗരസഭകൾ അടക്കം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകാനുള്ള കുടിശ്ശിക എത്രയെന്ന് വിശദമാക്കാമോ; | (ഡി) | കേരള വാട്ടർ അതോറിറ്റിയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകാനുള്ള കുടിശ്ശിക തുക ചുവടെ ചേർക്കുന്നു.<br>ഗ്രാമപഞ്ചായത്ത് - 154.77 കോടി രൂപ<br>നഗരസഭ - 209.44 കോടി രൂപ<br>കോർപ്പറേഷൻ - 132.41 കോടി രൂപ<br>ആകെ 496.62 കോടി രൂപ |
| (ഇ) | കേരള വാട്ടർ അതോറിറ്റിക്കുള്ള സർക്കാരിന്റെ നോൺ പ്ലാൻ ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഇ) | ഫണ്ടിന്റെ അപര്യാപ്തത മൂലം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ